ടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ

20 [T3425] ശ്രീ. കെ. ബാബു:
പ്രൊഫ. എ. ഡി. മുസ്തഫ
ശ്രീ. കെ. മോഹനൻ കുമാർ:
,, ടി. എൻ. പ്രതാപൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് എത്തൊക്കെയാണ് കരകൗശല ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നു;

(ബി) പ്രതിവർഷം എന്തു തുകയ്ക്കുള്ള കരകൗശല വസ്തുക്കൾ ടൂറിസ്റ്റുകൾ വാങ്ങുന്നുണ്ട്;

(സി) ടൂറിസ്റ്റുകൾക്കു സംസ്ഥാനത്തെ കരകൗശല ഉൽപ്പന്നങ്ങൾ ഒരു സ്ഥാനത്തുനിന്നു വീക്ഷിക്കത്തക്കവണ്ണം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ടൂറിസ്റ്റുസെന്ററുകളിലും സ്ഥിരമായി എക്സിബിഷൻ നടത്താൻ ഉദ്ദേശ്യമുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് ചന്ദനം, ഈട്ടി, റബ്ബർവുഡ് മുതലായ തടികൾ കൊണ്ടുള്ള കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യത്തെ പ്രകീർത്തിക്കുന്ന കലാരൂപങ്ങൾ, ആന, പേപ്പർമാഷ്ടുകൊണ്ടുള്ള കഥകളി രൂപങ്ങൾ, വർണഭംഗിയാർന്ന ശിൽപ്പങ്ങൾ, ബാത്തിക്ക്, ചിത്രങ്ങൾ, ആറൻമുള കണ്ണാടി, വാഴനാരിൽ തീർത്ത ബാഗുകൾ, ചിരട്ടയിൽ നിർമ്മിച്ച ഉൽപ്പന്നങ്ങൾ, വേസ്വർക്, പിത്തള, വെങ്കലം എന്നിവയിലുള്ള വിളക്കുകൾ, പനയോല, ഈറ, കൈതയോല എന്നിവകൊണ്ടുള്ള അലങ്കാര വസ്തുക്കൾ, തുണികളിലും, മുളകളിലുമുള്ള പെയിന്റിംഗുകൾ എന്നിവ നിർമ്മിക്കുന്നു.

(ബി) 2002-2003-ൽ സുരഭിയിലൂടെ 1.5 കോടി രൂപയുടേയും കരകൗശല വികസന കോർപ്പറേഷനിലൂടെ 10.49 കോടി രൂപയുടെ വിൽപ്പന നടന്നതിൽ ഉദ്ദേശ്യം 65% തുകയ്ക്കുള്ള ഉൽപ്പന്നങ്ങൾ ടൂറിസ്റ്റുകൾ വാങ്ങുകയായിരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

പ്രധാനമന്ത്രി പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ കേന്ദ്ര നിക്ഷേപം

21 [3426] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റർ മീറ്റിൽ ബഹു. പ്രധാനമന്ത്രി പ്രഖ്യാപിച്ച പതിനായിരം കോടി രൂപയുടെ കേന്ദ്ര നിക്ഷേപത്തിൽ എത്ര തുക ഇതിനകം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly